(സി) 76 രൂപാ 5 പൈസ.

(ഡി) കൃത്യമായി പറയുവാൻ പ്രയാസമാണ്.

കൃഷി വകുപ്പിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ

948 [1505] ശ്രീ. എ.എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിലെ വിവിധ തസ്തികകളിലായി മൊത്തം എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയിലും ഏതെല്ലാം തസ്തികകളിലായി എത്ര വീതം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്താതിരിക്കുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പി. എസ്. സി. യുടെ റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടായിട്ടും നിയമനം നടത്താതെ കിടക്കുന്ന തസ്തികകൾ ഉണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണ്?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) അഗ്രിക്കൾച്ചർ ഡെമോൺസ്ട്രേറ്റർ, ജൂനിയർ അഗ്രികൾച്ചറൽ ഓഫീസർ എന്നീ തസ്തികകളിൽ നിയമനം നടത്താത്തത് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തതുകൊണ്ടാണ്. ഒഴിവുകൾ പി.എസ്.സി. യെ അറിയിച്ചിട്ടുണ്ട്.

(ഡി, ഇ) വിവരം ശേഖരിച്ചു വരുന്നു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തരസമയം കഴിഞ്ഞു.

II. അടിയന്തിരപ്രമേയം

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ഹെഡ്ഡാഫീസിലും ഡിപ്പോകളിലും ലോക്കൗട്ട് പ്രഖ്യാപിച്ചതിനെ സംബന്ധിച്ച്

9.30 a.m.] മി. സ്പീക്കർ: കഴിഞ്ഞ ദിവസം നിറുത്തിവച്ച അടിയന്തിരപ്രമേയത്തിനുള്ള മറുപടി മന്ത്രിക്കു പറയാം.

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, അങ്കമാലി, കാലടി പ്രദേശങ്ങളിൽ അൻപതിനായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന ബാംബൂ കോർപ്പറേഷനിലെ ജോലി മുടങ്ങിയിരിക്കുകയാണെന്നും അവിടത്തെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണെന്നും അടിയന്തിരപ്രമേയത്തിൽ പറഞ്ഞിരുന്നു. കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

പതിനാലും പതിനഞ്ചും തീയതികളിൽ ഫീൽഡ് സ്റ്റാഫും ആഫീസ് സ്റ്റാഫും കൂട്ട അവധി എടുത്തതിനെത്തുടർന്നാണ് ഈ കോർപ്പറേഷന്റെ പ്രവർത്തനം സ്തംഭിച്ചത്. ഈ കോർപ്പറേഷനിൽ 170 ജീവനക്കാർ പണിയെടുക്കുന്നുണ്ട്. അതിൽ മാനേജീരിയൽ വിഭാഗത്തിൽ നാലു പേർ അവിടെയുള്ളവരും പിന്നെ ഇവിടെ തിരുവനന്തപുരത്തുള്ള ആഫീസിലും, റാന്നിയിൽ ഈറ സംഭരണകേന്ദ്രവും ഒഴികെ ബാക്കി യുള്ള എല്ലാ സ്ഥലങ്ങളിലെയും പ്രവർത്തനം മുടങ്ങിയിരിക്കുകയാണ്. അത് ഒത്തു തീർപ്പിൽ എത്തിക്കാനുള്ള പരിശ്രമം വിജയിച്ചിട്ടില്ല. അവിടെ ഈറ അനധികൃതമായി വെട്ടിവച്ചു എന്നാണ് പറഞ്ഞിട്ടുള്ളത്. കോർപ്പറേഷന്റെ അനുവാദം കൂടാതെ വെട്ടിയ ഈറ എടുത്തുകൊണ്ടു പോകുന്നതിനു കാലതാമസം നേരിടുന്നു എന്നു പറഞ്ഞുകൊണ്ട് ആ ജോലിയിൽ ഏർപ്പെട്ടിരുന്നവരും ട്രേഡ് യൂണിയനിലുള്ള ചില ആളുകളും കൂടി ആഫീസിനകത്തും പുറത്തും കുഴപ്പം ഉണ്ടാക്കുകയും ആഫീസ് ജീവനക്കാരെ തടഞ്ഞുവയ്ക്കുകയും പിന്നെ പോലീസുവന്ന് മോചിപ്പി ക്കേണ്ട സ്ഥിതി ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. അതു കഴിഞ്ഞിട്ട് പിന്നെ ആഫീസ് ജീവനക്കാരെ വഴിയിൽവച്ച് ദേഹോപദ്രവം ഏൽപ്പിച്ചു എന്നാണ് പരാതി. രണ്ടുപേരെ തല്ലി എന്നും പറയുന്നു. അതി നെത്തുടർന്നാണ് ജീവനക്കാർ തങ്ങൾക്കു പൂർണ്ണമായ സംരക്ഷണം കിട്ടു മെന്നു ഉറപ്പു കിട്ടുന്നതുവരെ ജോലി ചെയ്യാൻ നിവൃത്തിയില്ലെന്ന അടി സ്ഥാനത്തിൽ ആദ്യത്തെ രണ്ടു ദിവസങ്ങളിൽ അവധിയെടുക്കുകയും പിന്നീട് പണിമുടക്ക് പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ളത്. ആ പണിമുടക്ക് പരിഹരിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടി രിക്കുകയാണ്. ഇന്നു മൂന്നുമണിക്ക് ഡിസ്ട്രിക്ട് കളക്ടറുടെ ഒരു കോൺഫറൻസ് വിളിച്ചിട്ടുണ്ട്. അപ്പോഴെങ്കിലും പ്രശ്നം തീരു മെന്നാണ് ഗവൺമെന്റ് വിശ്വസിക്കുന്നത്. അങ്ങനെ തീരാതെ വരി കയാണെങ്കിൽ ആവശ്യമായ നടപടികൾ എടുക്കുന്നതാണ്.

ശ്രീ. എ. പി. കുര്യൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ കാര്യങ്ങൾ മുഴുവൻ വസ്തുതയ്ക്കു നിരക്കുന്നതല്ല. ഇന്നലെ ഞാൻ ആ സ്ഥലത്തുപോയി അവിടത്തെ സംഗതികളെക്കുറിച്ചെല്ലാം വിശദമായിട്ട് അന്വേഷണം നടത്തിയതിനുശേഷമാണ് ഇവിടെ എത്തിയി ട്ടുള്ളത്. ആറുദിവസമായി അൻപതിനായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന ഒരു മേഖലയിൽ പ്രത്യേകിച്ചും അന്നന്ന് പനമ്പു നെയ്ത്, അല്ലെങ്കിൽ ഈറ സംഭരിച്ച് അതിൽനിന്നും കിട്ടുന്ന തുച്ഛമായ വരുമാനംകൊണ്ട് ജീവിക്കുന്ന ആളുകളുടെ പ്രവർത്തനങ്ങളാകെ സ്തംഭി ച്ചാൽ അവരുടെ പ്രയാസം ആലോചിക്കാവുന്നതാണ്. ഇതുവരെ ഗവൺ മെന്റിന് ഈ കാര്യത്തിൽ ഡിപ്ലോമസി തുറന്നു പ്രവൃത്തിപ്പിക്കാനാവ ശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് വളരെ ഖേദകര മാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അവിടെ ഒരു കൂട്ട കാഷ്വൽ ലീവും അതിനെത്തുടർന്ന് സ്റ്റാഫിലുള്ള ആളുകളെല്ലാം ചേർന്ന് തുടർന്ന് പണിമുടക്കും പ്രഖ്യാപിച്ചതിന്റെ ഫലമായിട്ടാണ് സ്തംഭനം ഉണ്ടായതെന്നാണ്. അതു ശരിയല്ല. അങ്ങനെയാണെങ്കിൽ അതിന്റെ മാനേജിംഗ് ഡയറക്ടർ, ഡെപ്യൂട്ടി ജനറൽ മാനേജർ, വിജിലൻസ് ആഫീസർ, ചീഫ് അക്കൗണ്ടന്റ് ആഫീസർ തുടങ്ങിയ ഉയർന്ന ഉദ്യോ ഗസ്ഥൻമാർ ഇപ്പോഴും ഈ കോർപ്പറേഷൻ ആഫീസിൽ വരാതിരിക്കുന്നതിന് കാരണമില്ലല്ലോ. അവരേതായാലും പണിമുടക്കിലില്ല. അവരും ആഫീസിൽ വരാതെ ആഫീസ് പൂർണ്ണമായും അടച്ചുപൂട്ടി ഇന്ന് അതിന്റെ പ്രവർത്തനം ആകെ സ്തംഭിപ്പിച്ചിട്ടുള്ളത് ഇതുപോലുള്ള

LIBRARY ARCHIVES Kerala Legislative Assembly

ചില ഉയർന്ന ഉദ്യോഗസ്ഥൻമാരുടെ പ്രേരണയ്ക്ക് വിധേയമായിട്ടാണ്. കുറേ ജീവനക്കാരെ പ്രലോഭിപ്പിച്ച് ഇരുപോലുള്ള കൂട്ട കാഷ്വൽ ലീവ് എടുക്കുന്നതിന് പ്രേരിപ്പിച്ചിട്ടുള്ളത്. ആ വസ്തുത മനസ്സിലാക്കിക്കൊണ്ട് ഇത്തരം ഉദ്യോഗസ്ഥൻമാർക്കുവേണ്ട നിർദ്ദേശം നൽകി എത്രയുംവേഗം ഈ കോർപ്പറേഷന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. ഇന്ന് ഈ മേഖലയിൽ പന്തീരായിരത്തോളം ആളുകൾ പട്ടിണിയിലാണ്. പട്ടിണി കൂടുതലായി പടർന്നുപിടിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ കഴിഞ്ഞ പതിനാലാഞ്ചീയതിതന്നെ ഈ കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. പത്തൊൻപതാംതീയതിയായിട്ടും ഇതുവരെ അതൊന്നു തുറന്നു പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇന്നു വൈകുന്നേരം വീണ്ടും കളക്ടറുടെ കോൺഫറൻസ് വിളിച്ചിട്ടുണ്ടെന്നുള്ളതു ശരിയാണ്. ഇന്ന് അവിടെ പണിമുടക്കെന്നുള്ള പേരിൽ ഒരു ലോക്കൗട്ടു അടിച്ചേൽപ്പിച്ചിരിക്കുകയാണ്. അതിന്റെ പിന്നിൽ പ്രവൃത്തിക്കുന്നത് മാനേജീരിയൽ കേഡറിലുള്ള ഉദ്യോഗസ്ഥൻമാരാണ്. മന്ത്രി ഇവിടെ പറഞ്ഞതുപോലെ ഫീൽഡിൽ പണിയെടുക്കുന്ന സാധാരണക്കാരായ ജീവനക്കാരല്ല. ഈ വസ്തുത മനസ്സിലാക്കി അടച്ചുപൂട്ടൽ നിരുത്തിവച്ച് എത്രയും വേഗം പണി പുനരാരംഭിക്കാനുള്ള നിർദ്ദേശം നൽകിയില്ലെങ്കിൽ, ഇന്നത്തെ കളക്ടറുടെ കോൺഫറൻസും വിജയിച്ചില്ലെങ്കിൽ അതിനെത്തുടർന്നു വളരെ ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടാകും. അതുകൊണ്ടാണ് രണ്ടു താലൂക്കുകളിലായി പത്തൻപതിനായിരത്തോളം വരുന്ന തൊഴിലാളികളെ ബാധിക്കുന്ന ഗുരുതരമായ ഈ പ്രശ്നം ചർച്ച ചെയ്തത്. ഇതിനൊരു പരിഹാരമുണ്ടാക്കാൻവേണ്ടി ഈ സഭാനടപടികൾ നിരുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെടുന്നത്.

സർ, ഈ വ്യവസായസ്ഥാപനം കഴിഞ്ഞ നിരവധി വർഷങ്ങളായിട്ട് ലാഭകരമായി നടക്കുന്ന നമ്മുടെ സംസ്ഥാനത്തെ അപൂർവ്വം ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നാണ്. പത്തുപതിനഞ്ചുലക്ഷം ഉറുപ്പിക മാത്രമാണ് ഇതിനുവേണ്ടി സംസ്ഥാന ഗവൺമെൻറ് മുതൽമുടക്കിയിട്ടുള്ളത്. പത്തൻപതിനായിരത്തോളം ആളുകൾക്ക് ജോലി നൽകാൻ കഴിയുന്ന ഒരു സ്ഥാപനമാണ്. തുടർച്ചയായി ജോലി കൊടുത്താൽ തന്നെ ഒരു കുടുംബത്തിന് രണ്ടും രണ്ടരയും രൂപയാണ് കിട്ടുന്നത്. ഇങ്ങനെയുള്ള ഈ സ്ഥാപനം തൊഴിലാളികളുടെ പൂർണ്ണമായ സഹകരണം കൊണ്ടുമാത്രമാണ് ലാഭകരമായി പ്രവർത്തിക്കുന്നത്. ആ സ്ഥാപനമാണ് ഇന്ന് ഒരുപിടി ഉയർന്ന ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥൻമാരുടെ ധിക്കാരപരമായ പ്രവർത്തനത്തിന്റെ ഫലമായി അടച്ചുപൂട്ടിയിട്ടിരിക്കുന്നത്, അത് തുറപ്പിക്കുന്നതിനുവേണ്ടി ഈ കാര്യങ്ങൾ ഗൗരവമായി ചർച്ച ചെയ്യേണ്ടത് അനുപേക്ഷണീയമാണ് അടിയന്തിരമായ പരിതഃസ്ഥിതിയാണ്. അതുകൊണ്ട് സഭാ നടപടികൾ നിരുത്തിവച്ച് ചർച്ച നടത്തണമെന്നുതന്നെയാണ് ഞാൻ ശക്തിയായി ആവശ്യപ്പെടുന്നത്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ശ്രീ. കുര്യൻ പറഞ്ഞ ആവശ്യം ന്യായമാണ്, തുറക്കണമെന്നുള്ളതും ജോലി ചെയ്യണമെന്നുള്ളതും. വളരെ നിർബന്ധപൂർവ്വമായ ഒരു നിലപാടാണ് തുറപ്പിക്കാൻ സ്വീകരിച്ചിട്ടുള്ളത്. ഇത് അത്ര വളരെ സിംപിളായ പ്രശ്നമാണെന്നു തോന്നുന്നില്ല. ട്രേയിഡുയൂണിയനുകളുടെ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിയുണ്ട്, അതിന്റെ ചെയർമാനാണ് ശ്രീ. കുര്യൻ. എനിക്കു കിട്ടിയ

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ള അറിവുവച്ചാണെങ്കിൽ പലപ്പോഴും അവിടെ രണ്ടുകൂട്ടരും തമ്മിൽ സംഘട്ടനം നടക്കാറുണ്ട്. കാട്ടിന്റെ നടുക്കുവച്ചാണ് നടക്കുന്നത്. വെട്ടുന്ന ഈറ സംരക്ഷിക്കുന്നതിനുവേണ്ടി ചെല്ലുന്ന ഉദ്യോഗസ്ഥൻമാരെ തടഞ്ഞുവച്ച് ബലംപ്രയോഗിച്ച് തീരുമാനങ്ങൾ എടുപ്പിക്കാനും ദേഹോപദ്രവമേൽപ്പിക്കാനും ശ്രമിച്ചതായും രണ്ടുപേരെ തടഞ്ഞുവെച്ചിരിക്കുന്നതായുമാണ് പറയുന്നത്. മുഴുവൻ വിവരങ്ങളും എനിക്കറിഞ്ഞുകൂടാ. എന്തായാലും പല തർക്കങ്ങളും നിലവിൽ വന്നതിനുശേഷമാണ് കോ.ഓർഡിനേഷൻ കമ്മിറ്റി നിലവിൽവന്നതും പല തർക്ക പ്രശ്നങ്ങളും പരിഹരിക്കാൻ ആ കമ്മിറ്റി നടപടികൾ സ്വീകരിച്ചിട്ടുള്ളതും. അതും കഴിഞ്ഞിട്ടാണ് ഇപ്പോൾ ഈ കുഴപ്പം വന്നിരിക്കുന്നത്. വളരെ ഗൗരവമായി വളരെ വേഗത്തിൽ ഇതു തുറപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കളക്ടർ കോൺഫറൻസ് നടത്തുന്നുണ്ട്. അതിൽ വിജയിക്കുമെന്നാണ് ഗവൺമെന്റിന്റെ വിശ്വാസം. അതുകൊണ്ട് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്നാണ് എനിക്കു പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നുള്ള പ്രമേയത്തിന് ഞാൻ അനുമതി നിഷേധിക്കുന്നു.

III റിപ്പോർട്ടു സമർപ്പണം

പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയുടെ റിപ്പോർട്ട്

ശ്രീ. ആർ. എസ്. ഉണ്ണി: പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയുടെ പതിമൂന്നാമതും പതിനാലാമതും റിപ്പോർട്ടുകൾ ഞാൻ സഭയുടെ മുമ്പാകെ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

IV ധനകാര്യം

1979-80 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിന്മേൽ പൊതു ചർച്ച

മി. ഡെ. സ്പീക്കർ: (ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ): മി. സ്പീക്കർ സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിനെ ഞാൻ പിന്താങ്ങുന്നു. നമ്മുടെ പരിമിതമായ വിഭവങ്ങൾവച്ചുകൊണ്ട് ഈ നാട്ടിന്റെ ദുരിതങ്ങൾക്കു പരിഹാരം കാണാൻവേണ്ടിയുള്ള ആത്മാർത്ഥമായ ഒരു പരിശ്രമം ഈ ബഡ്ജറ്റിൽക്കൂടി നടത്തിയിട്ടുണ്ടെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുന്നത്. ഈ രാജ്യം ഗുരുതരമായ സാമ്പത്തിക ദുരിതത്തിൽക്കൂടി കടന്നുപോകുകയാണ്. അതിനുള്ള പരിഹാരം കാണണമെങ്കിൽ ഇൻഡ്യാഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങളിൽ

LIBRARY, ARCHIVES Kerala Legislative Assembly